ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 1-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1226/14/വ്യവ. പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി - ഡി) ഉണ്ട്. ഭരണാനുമതിയിൽ പറഞ്ഞിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ട് പൊളുമരാമത്ത് വകുപ്പിന് കൈകാര്യം ചെയ്യാൻ കഴിയാത്തതാണ് ടി പ്രവൃത്തി ആരംഭിക്കാതിരിക്കാനുള്ള കാരണം. ഹെഡ് ഓഫ് അക്കൗണ്ടിൽ ആവശ്യമായ മാറ്റം വരുത്തി യുക അനുവദിച്ചുനൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇ-ഫയലിംഗ് സംവിധാനം

104 (4095) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയലിംഗ് സംവിധാനം നിലവിൽ വന്നതിനുശേഷം ആസ്തി വികസനഫണ്ട് ഉപയോഗിച്ച് നിർമ്മാണപ്രവർത്തനം നടത്തുന്ന പദ്ധതികൾക്കു സാമ്പത്തികാനുമതി ലഭ്യമാകുന്നതു സംബന്ധിച്ച് എം.എൽ.എ.മാർക്ക് അന്വേഷിച്ചറിയുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഫയലിംഗ് സംവിധാനം സുതാര്യമാക്കുന്നതിനുവേണ്ടി ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) ഇ-ഫയലിംഗ് നിലവിൽ വന്നതിനുശേഷം ഭരണവകുപ്പ് ശിപാർശ ചെയ്തുവരുന്ന ഫയലുകൾ സ്കാനിംഗ് പൂർത്തീകരിച്ചതിനുശേഷം സ്കാനിംഗ് സെക്ഷനിൽ നിന്നും ബന്ധപ്പെട്ട സെക്ഷനുകളിലേയ്ക്ക് ഇലക്ട്രോണിക് ഫയലായി ഫോർവേഡ് ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. പിന്നീട് അതത് സെക്ഷനുകളിൽ ഓരോ ഫയലുകൾക്കും ഇ-ഫയൽ നമ്പർ ജനറേറ്റ് ചെയ്യപ്പെടുന്നു. പിന്നീടുള്ള ഫയലന്വേഷണങ്ങൾക്ക് ഇ-ഫയൽ നമ്പരാണ് ഉപയോഗിക്കേണ്ടത്. ആസ്തി വികസന പദ്ധതിക്കു കീഴിൽ ഇപ്രകാരം ധനവകുപ്പിലേയ്ക്ക് ശിപാർശ ചെയ്തെത്തുന്ന ഫയലുകളുടെ ഇ-ഫയൽ നമ്പർ ഫയലന്വേഷിച്ചെത്തുന്ന നിയമസഭാ സാമാജികരുടെ ഓഫീസ് സ്റ്റാഫംഗങ്ങൾക്ക് നൽകാറുണ്ട്. ഇത്തരം ഫയലുകളുടെ മൂവ്മെന്റ് അതത് സെക്ഷനുകളിൽ/ ആഫീസർമാരിൽനിന്നും അന്വേഷിച്ചറിയാനാകുന്ന വിധത്തിൽ സുതാര്യമായാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ എം.എൽ.എ.-മാർക്ക് ഫയലുകളുടെ സ്റ്റാറ്റസ് അന്വേഷിച്ചറിയുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly